# യു.എൻ മനുഷ്യാവകാശ കമീഷന്റെ പ്രമേയം

**ലോകത്തെങ്ങും** മുസ്‌ലിംകൾക്കെതിരെ വിദ്വേഷം വളർന്നു വരുന്നതിൽ ഉത്കണ്ഠ പ്രകടിപ്പിച്ചുകൊണ്ട് ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള മനുഷ്യാവകാശ കമീഷൻ ഒരു പ്രമേയം അംഗീകരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. മുസ്‌ലിംവിരോധത്തിനു പുറമെ വംശീയവും മതപരവുമായ മറ്റു വിവേചനങ്ങളും ദേശീയ രാഷ്ട്രങ്ങളിൽ പരദേശികൾക്കെതിരെ വളരുന്ന ശത്രുതയുമെല്ലാം അവസാനിപ്പിക്കുന്നതിനാവശ്യമായ നിയമങ്ങൾ നിർമിക്കാൻ എല്ലാ ഗവൺമെന്റുകളോടും ആവശ്യപ്പെടുന്നതാണ് പ്രമേയം. ആഗോളസമൂഹത്തിൽ ഇസ്‌ലാമിനോടും മുസ്‌ലിംകളോടും വിദ്വേഷം വളരുന്നതിൽ ആശങ്ക രേഖപ്പെടുത്തുന്ന ഒരു പ്രസ്താവന ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ നേരത്തേ പുറപ്പെടുവിച്ചിരുന്നു. എങ്കിലും പ്രായോഗിക നടപടികളൊന്നും ഉണ്ടായില്ല. മനുഷ്യാവകാശ കമീഷന്റെ ഈ പ്രമേയം ഇസ്‌ലാമോഫോബിയക്ക് എതിരെയുള്ള യു.എന്നിന്റെ ഒന്നാമത്തെ ചുവടുവെപ്പാണ്. പടിഞ്ഞാറൻ രാജ്യങ്ങളിൽ പടർന്നു പിടിക്കുന്ന ഇസ്‌ലാമോഫോബിയക്ക് അറുതിവരുത്താൻ ഐക്യരാഷ്ട്ര സഭ മുന്നിട്ടിറങ്ങണമെന്ന് ഒ.ഐ.സി (ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കൺട്രീസ്) കുറേക്കാലമായി ആവശ്യപ്പെടുന്നു. മനുഷ്യാവകാശ കമീഷന്റെ പ്രമേയം ഒ.ഐ.സിയുടെ വിജയമായി കണക്കാക്കാം.

എന്നാൽ ഒ.ഐ.സിയുടെ അഭ്യർഥന മാത്രമല്ല പ്രമേയത്തിന്റെ പ്രചോദനം. ഇസ്‌ലാമോഫോബിയയെക്കുറിച്ച് പഠിക്കാൻ യു.എൻ കഴിഞ്ഞ വർഷം ഒരു പ്രതിനിധിയെ നിയോഗിച്ചിരുന്നു. മി. ഡൗഡൗ ഡീൻ. ബന്ധപ്പെട്ട രാജ്യങ്ങളിൽ പര്യടനം നടത്തിയ ശേഷം അദ്ദേഹം തയാറാക്കിയ റിപ്പോർട്ടിൽ, യൂറോപ്യൻ നാടുകളിൽ അപകടകരമാം വണ്ണം മുസ്‌ലിംകളോടും ഇസ്‌ലാമിനോടും വിദ്വേഷം വർധിച്ചിട്ടുണ്ടെന്നും അതുമൂലം മുസ്‌ലിംകൾ വളരെയേറെ നിന്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നുവെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രമേയത്തിന്റെ എട്ടു പേജുകൾ വിനിയോഗിച്ചിരിക്കുന്നത് ഇസ്‌ലാം നിന്ദയുടെയും മുസ്‌ലിം പീഡനത്തിന്റെയും വസ്തുനിഷ്ഠമായ വിവരണത്തിനാണ്. ബാക്കി ഭാഗങ്ങളിൽ വംശീയവും മതപരവുമായ വിവേചനങ്ങളെക്കുറിച്ചും പരദേശിവിരോധത്തെക്കുറിച്ചും പറയുന്നു. എന്നിട്ടും പ്രമേയം ഏകകണ്ഠമായിട്ടല്ല അംഗീകരിക്കപ്പെട്ടത്. കമീഷനിലെ അംഗരാഷ്ട്രങ്ങളിൽ 21 എണ്ണം അനുകൂലിച്ചപ്പോൾ പത്തു വോട്ടുകൾ എതിരായും വീണു. ബ്രിട്ടൻ, ഫ്രാൻസ്, ജർമനി തുടങ്ങിയ പ്രമുഖ രാഷ്ട്രങ്ങൾ എതിർത്തവരിലുൾപ്പെടുന്നു. ഇസ്‌ലാമോഫോബിയ യാദൃഛിക പ്രതിഭാസമല്ലെന്നും, പ്രത്യുത ഉത്തരവാദപ്പെട്ടവർ ബോധപൂർവം ആസൂത്രണം ചെയ്ത ഗൂഢാലോചനയാണെന്നുമാണ് ഇത് സൂചിപ്പിക്കുന്നത്. യു.എൻ പൊതുസഭയും രക്ഷാസമിതിയുമൊന്നും മുസ്‌ലിംപ്രശ്നങ്ങൾ അത്ര കാര്യമായി എടുക്കാറില്ല എന്നത് ഒരു വസ്തുതയാണ്. ആ നിലക്ക് പ്രമേയം പ്രായോഗികഫലം വല്ലതും സൃഷ്ടിക്കുമോ എന്നത് ഒ.ഐ.സിയുടെ ഇഛാശക്തിയെയും സമ്മർദങ്ങളെയും ആശ്രയിച്ചിരിക്കുന്നു. ഇസ്‌ലാമോഫോബിയ മുസ്‌ലിംകൾ വെറുതെ പറഞ്ഞു നടക്കുന്ന പരാതിയല്ലെന്നും അവർ നേരിട്ടുകൊണ്ടിരിക്കുന്ന മഹാഭീഷണിയാണെന്നും ആഗോള സമൂഹത്തിന് ബോധ്യപ്പെടുകയും ഔദ്യോഗികമായി അംഗീകരിക്കുകയും ചെയ്തു എന്നതാണ് പ്രമേയം കൊണ്ടുണ്ടായ എടുത്തു പറയാവുന്ന ഒരു വിശേഷം.

മതനിയമങ്ങളനുസരിക്കുന്നത് വിലക്കുക, സാഹിത്യ കലകളിലൂടെ മതതത്ത്വങ്ങളെയും പ്രമാണഗ്രന്ഥങ്ങളെയും ആചാര്യന്മാരെയും അവഹേളിക്കുകയും ഇസ്‌ലാമിനെ ക്രൂരതയുടെയും സംസ്കാരശൂന്യതയുടെയും മനുഷ്യാവകാശ ധ്വംസനത്തിന്റെയും മതമായും മുസ്‌ലിംകളെ പ്രാകൃതരും ഭീകരരുമായും ആവിഷ്കരിക്കുക, വാർത്താമാധ്യമങ്ങളിലൂടെ മുസ്‌ലിംകളോട് അറപ്പും വെറുപ്പും ഉളവാക്കുന്ന അസത്യങ്ങളും അർധസത്യങ്ങളുമായ വാർത്തകളും വിലയിരുത്തലുകളും പ്രചണ്ഡമായി പ്രചരിപ്പിക്കുക, അടിസ്ഥാനരഹിതമായ സംശയത്തിന്റെ പേരിൽ മുസ്‌ലിംകളെ അറസ്റ്റു ചെയ്ത് ദ്രോഹിക്കുക ഇതൊക്കെയാണ് ഇസ്‌ലാമോഫോബിയയുടെ പ്രകടനങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. മിക്ക രാജ്യങ്ങളിലും ഇസ്‌ലാംവിരോധം വളർത്തുന്നതിൽ ഒന്നാം സ്ഥാനമലങ്കരിക്കുന്നത് വാർത്താ മാധ്യമങ്ങളാണ്.

ഇസ്‌ലാമോഫോബിയ യൂറോപ്പിന്റെ മാത്രം രോഗമല്ല. ഏഷ്യയിലെയും ആഫ്രിക്കയിലെയും മുസ്‌ലിം ന്യൂനപക്ഷ രാജ്യങ്ങളിലേക്കും അത് പകരുന്നുണ്ട്. ഇക്കാര്യത്തിൽ മുൻപന്തിയിൽതന്നെയാണ് ഭാരതം. രാജ്യത്തുണ്ടാകുന്ന എല്ലാ അനിഷ്ട സംഭവങ്ങളുടെയും ഉത്തരവാദിത്വം മുസ്‌ലിംകളുടെ തലയിൽ കെട്ടിവെക്കപ്പെടുന്നു. കേവലം ഊഹങ്ങളെ ആസ്പദമാക്കി അവരെ അറസ്റ്റു ചെയ്ത് പീഡിപ്പിക്കുന്നു. അങ്ങനെ തടവിലാക്കപ്പെടുന്നവരുടെ കേസുകളിൽ വക്കാലത്ത് ഏറ്റെടുക്കുന്ന അഭിഭാഷകർ പോലും ജനരോഷത്തിനും ബാർ കൗൺസിലിന്റെ ബഹിഷ്കരണത്തിനും ഇരകളാകുന്നു. വിദ്യാഭ്യാസ രംഗത്തും സാമ്പത്തിക രംഗത്തും മുസ്‌ലിംകൾ പിന്തള്ളപ്പെടുന്നതിനെക്കുറിച്ച് സംസാരിക്കുന്നത് വർഗീയവാദം. വിദ്യാഭ്യാസത്തിലും ഉദ്യോഗങ്ങളിലും സംവരണമാവശ്യപ്പെടുന്നത് വിഘടനവാദം. സാഹിത്യ കലാരചനകളിൽ ദുഷ്ട കഥാപാത്രങ്ങളത്രയും മുസ്‌ലിംകളാകുന്നത് ആവിഷ്കാര സ്വാതന്ത്ര്യം. അതെന്തേ അങ്ങനെ എന്ന് ആരെങ്കിലും ചോദിച്ചാൽ അവർ മതത്തിന്റെ കണ്ണുകൊണ്ടു മാത്രം കലയെ കാണുന്ന തീവ്രവാദികൾ. പ്രബുദ്ധ കേരളത്തിലെ സെക്യുലർ പ്രസിദ്ധീകരണങ്ങൾ വരെ മുസ്‌ലിംകൾ സ്വയം രക്ഷപ്പെടാനും ലോകത്തെ രക്ഷിക്കാനുമുള്ള പോംവഴിയായി മുസ്‌ലിംകളോട് മതപരിവർത്തനം ശിപാർശ ചെയ്തു തുടങ്ങിയിരിക്കുകയാണ്. മുസ്‌ലിംകളെക്കുറിച്ചാണെങ്കിൽ ആർക്കും എന്തും എഴുതാം. ശാന്തമായി ജീവിക്കുന്ന ഒരു ഗ്രാമത്തിൽ മുസ്‌ലിം സംഘടനകളോ സ്ഥാപനങ്ങളോ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആ ഗ്രാമത്തെ തീവ്രവാദത്തിന്റെ വിളനിലമായി ചിത്രീകരിക്കുന്ന വ്യാജ റിപ്പോർട്ടുകൾ ചമക്കുന്നത് അഭിപ്രായ സ്വാതന്ത്ര്യം. അതൊക്കെ അപ്പടി പ്രസിദ്ധീകരിക്കുന്നത് മഹത്തായ പത്രസ്വാതന്ത്ര്യം. ദുരാരോപണത്തിന്റെ അടിയേറ്റവർ പ്രതിഷേധിച്ചാൽ മലയാള പത്രാധിപന്മാർ മുറവിളി കൂട്ടുകയായി- 'ഇതാ തീവ്രവാദത്തിന്റെ തിരയിളക്കം'! അടിക്കുന്നതല്ല, അടികൊണ്ടവൻ കരയുന്നതാണ് തീവ്രവാദം. ഇല്ല, ഡെന്മാർക്കിൽനിന്ന് കേരളത്തിലേക്ക് വലിയ ദൂരമൊന്നുമില്ല. അവിടെ ചീഞ്ഞുനാറുന്നതെന്തോ, അതുതന്നെയാണ് കേരളത്തിലും നാറുന്നത്. മലയാള പത്രാധിപന്മാർക്ക് അത് മനസ്സിലാകുന്നില്ലെങ്കിൽ മുസ്‌ലിംസമുദായത്തിന്റെ കുറ്റമല്ല. ■